പുതിയ വില്ലേജുകൾ രൂപീകരിക്കാൻ നടപടി

11 [1563] ശ്രീ. ചെർക്കളം അബ്ദുള്ള:
,, എം. കെ. മുനീർ:
,, എ. വി. അബ്ദുറഹിമാൻ ഹാജി:
,, കെ. കുട്ടി അഹമ്മദ്കുട്ടി:
,, ഇസ്ഹാക്ക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.ഡി.എഫ്. ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം പുതിയ വില്ലേജുകൾ രൂപീകരിക്കാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം പുതിയ വില്ലേജുകൾ രൂപീകരിക്കാനാണ് അപേക്ഷകൾ ലഭിച്ചിട്ടുള്ളത്;

(സി) അവയിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ഡി) ഈ ഗവൺമെൻറ് വന്നതിനുശേഷം പുതിയ വില്ലേജുകൾ രൂപീകരിച്ചിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ അവ ഏതൊക്കെ എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ലഭിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തിൻെറ വിവിധ ഭാഗങ്ങളിൽ വില്ലേജ് രൂപീകരിക്കണമെന്നും നിലവിലുള്ളവ വിഭജിക്കണമെന്നുമുള്ള ആവശ്യം ഉന്നയിച്ച് നിരവധി നിവേദനങ്ങൾ സർക്കാരിന് ലഭിച്ചിട്ടുണ്ട്.

(സി) സർക്കാരിന് ലഭിച്ച നിവേദനങ്ങൾ, താലൂക്കുകൾ, റവന്യൂ ഡിവിഷനുകൾ എന്നിവയുടെ പുനഃസംഘടനയെക്കുറിച്ച് പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് നിയോഗിച്ചിരിക്കുന്ന കമ്മീഷന് കൈമാറിയിട്ടുണ്ട്.

(ഡി, ഇ) വില്ലേജുകൾ ഒന്നും രൂപീകരിച്ചിട്ടില്ല.

റീസർവെ ജോലി

12 [1566] ശ്രീ. എം. ജെ. സക്കറിയ:
,, ചെർക്കളം അബ്ദുള്ള:
,, എം. കെ. മുനീർ:
,, എ. വി. അബ്ദുറഹിമാൻ ഹാജി:
,, കെ. കുട്ടി അഹമ്മദ്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റീസർവെ ജോലി എന്നാണ് ആരംഭിച്ചത്;

(ബി) ഏതെല്ലാം ജില്ലകളിൽ റീസർവെ ജോലി പൂർത്തിയായി;

LIBRARY ARCHIVES Kerala Legislative Assembly

(സി) റീസർവെയുടെ മേപ്പുകൾ പൊതുജനങ്ങളുടെ അറിവിലേക്ക് പരസ്യപ്പെടുത്തിയിട്ടുണ്ടോ;

(ഡി) ഇതിന്റെ പ്രതികൾ ആവശ്യക്കാർക്ക് നൽകുന്നുണ്ടോ;

(ഇ) ഉണ്ടെങ്കിൽ അതിനുള്ള നടപടിക്രമം എന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 1966-ൽ.

(ബി) സംസ്ഥാനത്ത് ഒരു ജില്ലയിലും റീസർവെ പൂർത്തിയായിട്ടില്ല.

(സി) ഉണ്ട്.

(ഡി) ഉണ്ട്.

(ഇ) മെഷർമെന്റ് റിക്കാർഡുള്ള മേപ്പുകളുടെ പകർപ്പ് ബന്ധപ്പെട്ട റീസർവെ അസിസ്റ്റന്റ് ഡയറക്ടർമാരിൽനിന്നും മേപ്പ് ഒന്നിന് 25 രൂപ ഫീസ് നൽകി വാങ്ങാവുന്നതാണ്. ഫൈനൽ ചെയ്ത റിക്കാർഡുകളുടെ പകർപ്പുകൾ ഇതേ ഫീസ് നൽകി ബന്ധപ്പെട്ട തഹസീൽദാർമാരിൽനിന്നും വാങ്ങാവുന്നതാണ്. വില്ലേജിന്റെ മുഴുവൻ നമ്പരുകളും കാണിക്കുന്നവില്ലേജ് മേപ്പിന്റെ പകർപ്പുകൾ തിരുവനന്തപുരം സെൻട്രൽ സർവെ ഓഫീസിൽനിന്നും 35 രൂപ ഫീസ് നൽകി വാങ്ങാവുന്നതാണ്.

റവന്യൂ പുറമ്പോക്കുകളിൽ താമസിക്കുന്നവരെ പുനരധിവസിപ്പിക്കാൻ നടപടി

13 [1568] ശ്രീ. കെ. ഇ. ഇസ്മയിൽ:
,, സി. കെ. ചന്ദ്രപ്പൻ:
,, എം. നാരായണൻ (ഹോസ്ദുർഗ്ഗ്):
,, സത്യൻ മൊകേരി:
,, പി. രാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റവന്യൂ പുറമ്പോക്കുകളിൽ എത്ര കുടുംബങ്ങൾ താമസിച്ചു വരുന്നുണ്ട്;

(ബി) ഇവരെ പുനരധിവസിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) ഈ കുടുംബങ്ങളെ പുനരധിവസിപ്പിക്കാനുള്ള പദ്ധതി എത്രകാലംകൊണ്ട് പൂർത്തിയാക്കുവാനാണുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഇത്തരത്തിലുള്ള എത്ര കുടുംബങ്ങളെ പുനരധിവസിപ്പിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ?

LIBRARY ARCHIVES Kerala Legislative Assembly